**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. **243**

18.08.2017 -ൽ മറുപടിയ്ക്ക്

## അധ്യാപകർക്ക് പരീക്ഷാ ജോലികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ.പി<br>ശ്രീ.കെ. രാജൻ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർവകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകർക്ക് പരീക്ഷാ ജോലികൾ നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. 21.12.1999 തീയതിയിലെ സ.ഉ (പി) 171/99/ഉ.വി.വ പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) യു.ജി.സി നിയമപ്രകാരം മൂല്യനിർണ്ണയം, ജോലിയുടെ ഭാഗമാണോയെന്നറിയിക്കുമോ; എങ്കിൽ മൂല്യനിർണ്ണയത്തിന് പണം നല്കുന്ന രീതി ശരിയാണോ; വ്യക്തമാക്കുമോ; | (ബി) യു.ജി.സി സ്കീം 1998 പ്രകാരവും 03.01.2001 തീയതിയിലെ സ.ഉ (പി) നമ്പർ 5/2001/ഉ.വി.വ പ്രകാരവും റഗുലർ വിദ്യാർത്ഥികളുടെ പരീക്ഷ പേപ്പർ മൂല്യനിർണ്ണയം ജോലിയുടെ ഭാഗമാക്കി ഉത്തരവായിട്ടുണ്ട്. ആയതിന് പ്രത്യേക പ്രതിഫലം നൽകേണ്ടതല്ല. |
| (സി) സ്വകാര്യ രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെയും സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെയും പരീക്ഷാ മൂല്യനിർണ്ണയത്തെ അധ്യാപകരുടെ നിസ്സഹകരണം ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) ഉണ്ട്. ചില അധ്യാപകരുടെ നിസ്സഹകരണംമൂലം മൂല്യനിർണ്ണയം വൈകുകയും ആയതിന്റെ ഫലമായി പരീക്ഷാ ഫലങ്ങൾ വൈകുകയും ചെയ്യുന്നുണ്ട്. |

Manoj M

**സെക്ഷൻ ഓഫീസർ**